# MAHATHMA GANDHI UNIVERSITY KOTTAYAM

# M A MALAYALAM (Private Registration)

# ഭാഷാശാസ്ത്രം

## ചോദ്യങ്ങൾ

1. മാനസികാനുഭവങ്ങളുടെ പ്രതിനിധീകരണമാണ് ഭാഷണം എന്നു അഭിപ്രായപ്പെട്ടത് ആരാണ് ?
   a) അരിസ്റ്റോട്ടിൽ
   b) പ്ലേറ്റോ
   c) ചോംസ്കി
2. 'ഒരു പ്രത്യേക ജനവിഭാഗം ആശയവിനിമയത്തിനായി ഉപയോഗിക്കുന്നതും ആശയവുമായി താൽക്കാലിക ബന്ധം മാത്രമുള്ളതുമായ ഉച്ചാരണശബ്ദങ്ങളുടെ സ്വരൂപഘടനയോടു കൂടിയ പഠിതവൃത്തിയാണ് ഭാഷ'-ആരുടെ അഭിപ്രായം ?
   a) വി ആർ പ്രബോധചന്ദ്രൻ നായർ
   b) കെ എം പ്രഭാകരവാര്യർ
   c) ഡോ കെ ഗോദവർമ്മ
3. പൂർവ്വകേരളഭാഷ ആരുടെ കൃതിയാണ് ?
   a) കെ ഗോദവർമ്മ
   b) എ ആർ രാജരാജവർമ്മ
   c) കെ എം പ്രഭാകരവാര്യർ
4. സാഹിത്യകോശങ്ങളിൽ മാത്രം ഒതുങ്ങിപ്പോയ ഭാഷകളെ എങ്ങനെ വിശേഷിപ്പിക്കുന്നു ?
   a) സ്വാഭാവികഭാഷ
   b) കൃത്രിമഭാഷ
   c) മൃതഭാഷ
5. മൃതഭാഷയ്ക്ക് ഉദാഹരണമെഴുത്തുക .
   a) മലയാളം
   b) തമിഴ്
   c) സംസ്കൃതം

6. ജനിച്ചുവീഴുന്ന സാമൂഹിക പരിസരത്തിൽ നിന്നും ഒരാൾ അറിയാതെ സ്വായത്തമാക്കുന്ന ഭാഷ ?
   a) പ്രഥമഭാഷ
   b) മാനകഭാഷ
   c) ദേശീയഭാഷ
7. ഭാഷാഭേദങ്ങൾ മൂലമുണ്ടാകുന്ന ആശയസംവേദനതടസത്തിന് പരിഹാരമാണ് ---------------.
   a) ദേശീയഭാഷ
   b) മാനകഭാഷ
   c) ദ്വിതീയഭാഷ

8. വ്യത്യസ്തഭാഷകൾ സംസാരിക്കുന്നവരുടെ സമ്പർക്കം നിമിത്തം രൂപപ്പെടുന്ന ഭാഷ ?
   a) സങ്കരഭാഷ
   b) വരമൊഴി
   c) അന്താരാഷ്ട്രഭാഷ
9. കേരളത്തിലെ ഭരണഭാഷ ഏത് ?
   a) ഹിന്ദി
   b) ഇംഗ്ലീഷ്
   c) മലയാളം
10. ഒരു വർണ്ണത്തിന്റെ അർത്ഥഭേദം സൃഷ്ടിക്കാത്ത ധ്വനിഭേദങ്ങളെ വിശേഷിപ്പിക്കുന്നതെങ്ങനെ ?
   a) സ്വനം
   b) ഉപസ്വനം
   c) ഉപരൂപിമം
11. രചനാനന്തര പ്രജനക വ്യാകരണ സിദ്ധാന്തം ആവിഷ്കരിച്ചത് ?
   a) നോം ചോംസ്കി
   b) കെ എൽ പൈക്ക്
   c) സെലീഗ് ഹാരിസ്
12. ഏറ്റവും ചെറിയ ഭാഷണ ശബ്ദത്തിന് പറയുന്ന പേര് ?
   a) സ്വരം
   b) സ്വനം
   c) സ്വനിമം

13. ഒരു ഭാഷയിൽ സമവും സമാനവുമായ സാഹചര്യത്തിൽ അർത്ഥഭേദം സൃഷ്ടിക്കാൻ കഴിയുന്നതും അർത്ഥമില്ലാത്തതുമായ ഏറ്റവും ചെറിയ ഭാഷായൂണിറ്റ് ?
   a) സ്വനം
   b) രൂപം
   c) സ്വനിമം
14. സ്വനിമസിദ്ധാന്തം ആവിഷ്കരിച്ച ഭാഷാശാസ്ത്രജ്ഞൻ ?
   a) സെലീഗ് ഹാരിസ്
   b) ബ്ലൂം ഫീൽഡ്
   c) കെ എൽ പൈക്ക്
15. ആധുനിക ഭാഷാശാസ്ത്രത്തിന്റെ പിതാവ് എന്നാറിയപ്പെടുന്നതാര് ?
   a) ബ്ലൂം ഫീൽഡ്
   b) സി എഫ് ഹോക്കറ്റ്
   c) നോം ചോംസ്കി
16. ഭാഷാശാസ്ത്രത്തിന്റെ ബൈബിൾ എന്നാറിയപ്പെടുന്ന പുസ്തകമേത് ?
   a) The Language
   b) The Study of Language
   c) Language: Basic
17. ഭാഷാശാസ്ത്രനിഘണ്ടു തയാറാക്കിയതാര് ?
   a) ഡോ. കെ കുഞ്ചുണ്ണിരാജ

b) എസ് കെ നായർ
c) വി ആർ പ്രബോധചന്ദ്രൻ നായർ

18. വ്യത്യസ്ത അർത്ഥമുള്ള രണ്ടു പദങ്ങളിൽ ഒരു സ്വനത്തിനുള്ള വ്യത്യാസം അറിയപ്പെടുന്നത് ഏതു പേരിലാണ് ?
    a) അല്പ വ്യത്യയ ജോഡികൾ
    b) അൽപേതര വ്യത്യയ ജോഡികൾ
    c) ബഹുമുഖപൂരണം
19. അർത്ഥവ്യത്യാസം ഉണ്ടാകാത്ത ഉച്ചാരണ വ്യത്യാസത്തിന് പറയുന്ന പേര് ?
    a) വ്യതിരിക്തധ്വനി
    b) പൂരകവിതരണം
    c) സ്വതന്ത്രപരിവർത്തനം

20. അർത്ഥപ്രദാനശേഷിയുള്ള ഏറ്റവും ചെറിയ ഭാഷാഘടകം
    a) സ്വനിമം
    b) രൂപം
    c) രൂപിമം
21. ബദ്ധരൂപിമത്തിന്റെ മറ്റൊരു പേര് ?
    a) ആശ്രിതരൂപിമം
    b) വിഭക്തി
    c) സ്വതന്ത്രരൂപിമം
22. റൊമാൻ യാക്കോബ്സണെപ്പോലെയുള്ള സൊസ്യൂറിയൻ ചിന്തകർ പ്രാഗിൽ ആരംഭിച്ച ഭാഷാശാസ്ത്ര പഠന രീതി ?
    a) പ്രാഗ് സ്കൂൾ
    b) സ്കൂൾ ഓഫ് ലിൻഗ്വിസ്റ്റിക്സ്
    c) ജനീവ സ്കൂൾ

23. കീഴച്ചുണ്ട്,ചെറുനാക്ക് ഇവ അറിയപ്പെടുന്നതെങ്ങനെ?
    a) സ്ഥിരകരണങ്ങൾ
    b) ചലകരണങ്ങൾ
    c) ഇവ രണ്ടുമല്ല
24. ------സ്ഥിരകരണങ്ങളെന്നും അറിയപ്പെടുന്നു.
    a) ഉച്ചാരണസ്ഥാനങ്ങൾ
    b) ശ്വാസികൾ
    c) നാദികൾ
25. മലയാളത്തിലെ പ്രവാഹികളേവ ?
    a) ശ,ഷ,സ
    b) ങ,ഞ,ണ,ന,മ
    c) വ,യ,ഴ
26. മലയാളത്തിലെ ഘർഷങ്ങളേവ ?
    a) ര,റ
    b) ശ,ഷ,സ

c) യ,വ,ഴ

27. മലയാളത്തിലെ സ്വനിമമാലയിൽ എത്ര വ്യഞ്ജനങ്ങളുണ്ട് ?
  a) 32
  b) 51
  c) 49
28. പ്രകൃതിക്ക് പിന്നിൽ പ്രത്യയം വരുന്ന രീതി അറിയപ്പെടുന്നതെങ്ങനെ?
  a) പൂരപ്രത്യയം
  b) പരപ്രത്യയം
  c) മധ്യപ്രത്യയം
29. യഥാ,പ്രതി,ഉപ മുതലായ പദങ്ങൾ .. ന്റ ഉദാഹരണങ്ങളാണ്?
  a) പൂരപ്രത്യയം
  b) മധ്യപ്രത്യയം
  c) പരപ്രത്യയം
30. കാലക്രമത്തിൽ ഭാഷയിലെ വാക്യത്തിൽ വരുന്ന മാറ്റം?
  a) വാക്യപരിണാമം
  b) അർത്ഥപരിണാമം
  c) വ്യാകരണരൂപപരിണാമം

31. പുത്രീഭാഷ എന്നാലെന്ത് ?
  a) മാതൃഭാഷയിൽ നിന്നുണ്ടാകുന്ന ഭാഷ
  b) കുട്ടികളുടെ സംസാരഭാഷ
  c) സങ്കരഭാഷ
32. വ്യത്യയം എന്നാലെന്ത് ?
  a) സ്വനങ്ങൾ തമ്മിലുള്ള ബന്ധം
  b) സ്വനിമങ്ങൾ തമ്മിലുള്ള ബന്ധം
  c) രൂപങ്ങൾ തമ്മിലുള്ള ബന്ധം
33. രണ്ടു സദൃശവർണ്ണങ്ങൾ പദമധ്യത്തിൽ അടുത്ത് വന്ന് തമ്മിൽ ലോപിച്ചു പോകുന്നത് ?
  a) സമാക്ഷരലോപം
  b) സമീകരണം
  c) മധ്യാഗമം

34. ഒന്നിലധികം സമഭാഷാംശസീമാരേഖകൾ കടന്നുപോകുന്ന മേഖല അറിയപ്പെടുന്നതെങ്ങനെ ?
  a) ഭാഷാഭേദമേഖല
  b) പരിവർത്തനമേഖല
  c) അവശിഷ്ടമേഖല
35. മധ്യദ്രാവിഡത്തിൽ ഉൾപ്പെടാത്ത ഭാഷയേത് ?
  a) തെലുങ്ക്
  b) കുവി

c) തുളു

36. പൂർവ്വ-ഉത്തരദ്രാവിഡ ഭാഷയിൽ നിന്നും ആദ്യമായി വേർപിരിഞ്ഞു സ്വതന്ത്രഭാഷയായിത്തീർന്നത് ?

a) ബ്രാഹുയി
b) കുയി
c) മാൽക്കൊ

37. ഇന്ത്യൻ ലിപികളുടെ മൂലരൂപമായി കരുതപ്പെടുന്നത് ?

a) ബ്രാഹ്മി
b) ദേവനാഗരി
c) മംഗോളിയൻ

38. സംസ്കൃതം,ഹിന്ദി തുടങ്ങിയ ഭാഷകൾ എഴുതാനുപയോഗിക്കുന്ന ലിപി ?

a) ദേവനാഗരി
b) ബ്രാഹ്മി
c) പ്രാകൃതം

39. മലയാളത്തിലെ സ്വനിമമാലയിൽ എത്ര സ്വരങ്ങളുണ്ട് ?

a) അഞ്ച്
b) പത്ത്
c) പന്ത്രണ്ട്

40. ഏറ്റവും വലിയ ഭാഷാഗോത്രം ?

a) ഇൻഡോ-യൂറോപ്യൻ
b) മംഗോളിയൻ
c) ദ്രാവിഡം

41. ഏറ്റവും കൂടുതൽ ആളുകൾ സംസാരിക്കുന്ന ദ്രാവിഡ ഗോത്രത്തിലുൾപ്പെട്ട ഭാഷ ?

a) കന്നട
b) തമിഴ്
c) തെലുങ്ക്

42. ഇറാനിയൻ,ഇൻഡിക് ഭാഷകൾ ഏതു ഭാഷാഗോത്രത്തിന്റെ ഉപശാഖകളാണ് ?

a) മംഗോളിയൻ
b) ഇൻഡ-ഇറാനിയൻ
c) ഇൻഡോ-യൂറോപ്യൻ

43. സംസ്കൃത-ലാറ്റിൻ ഭാഷകൾക്കിടയിൽ പദതലത്തിലും വ്യാകരണ തലത്തിലും സാമ്യമുണ്ടെന്ന് ആദ്യം സൂചിപ്പിച്ച പണ്ഡിതൻ ?

a) ഡോ. ബർണൽ
b) ഡോ. കാൾഡ്വൽ
c) കോർദോ

44. മറ്റു പദങ്ങളുടെ ഇടപെടലുകളില്ലാത്ത ചില വാക്കുകൾ ഒതുങ്ങിക്കൂടുന്ന പ്രത്യേക പ്രദേശങ്ങൾക്ക് പറയുന്ന പേര് ?

a) കേന്ദ്രമേഖല
b) അവശിഷ്ടമേഖല
c) പരിവർത്തനമേഖല

45. സജാതീയ ഭാഷകളുടെ താരതമ്യ പഠനത്തിലൂടെ പുനർനിർമ്മാണം ചെയ്തു കിട്ടുന്ന ഭാഷാരൂപം ?
    a) സജാതഭാഷകൾ
    b) പുത്രീഭാഷ
    c) പ്രാഗ്ഭാഷ
46. ഭാഷാശാസ്ത്രത്തിലെ ധാതുവിന് കേരളപാണിനി നല്കുന്ന പേര് ?
    a) പ്രത്യയം
    b) പ്രകൃതി
    c) സമാസം
47. മലയാളത്തിലെ ഉൽക്ഷിപ്തമേത് ?
    a) ര
    b) ല
    c) റ

48. എസ്പരാന്റോ എന്ന അന്തർദേശീയ ഭാഷയ്ക്ക് രൂപം നല്കിയ ഭാഷാശാസ്ത്രജ്ഞൻ ?
    a) സമൻ ഹോഫ്
    b) സെലീഗ് ഹാരിസ്
    c) ഫെർഡിനാൻഡ് ഡി സൊസ്സൂർ
49. എ കോഴ്സ് ഇൻ മോഡേൺ ലിംഗ്വിസ്റ്റിക്സ് രചിച്ചത് ?
    a) സി എഫ് ഹോക്കറ്റ്
    b) സമൻ ഹോഫ്
    c) സെലീഗ് ഹാരിസ്
50. ഒരു വർണ്ണത്തിന്റെ സ്ഥാനത്ത് മറ്റൊരു വർണ്ണം ഉച്ചരിച്ചാൽ അർത്ഥവ്യത്യാസം ഇല്ലാത്ത അവസ്ഥയ്ക്ക് പറയുന്നത് ?
    a) ആശ്രിതബന്ധം
    b) ബഹുമുഖപൂരണം
    c) പൂരകവിതരണം
51. സമീപസ്വനങ്ങളുടെ സ്വാധീനഫലമായി സ്വനങ്ങൾക്ക് തമ്മിൽ സാമ്യമുണ്ടാകുന്ന പ്രവർത്തനം ?
    a) പൂരകവിതരണം
    b) സവർണ്ണനം
    c) വിനാമക്രിയ
52. കഴുത എന്ന പദം മണ്ടത്തരത്തെ കുറിക്കുന്നത് ഏത് വിവക്ഷയിൽ?
    a) സൂചിതാർത്ഥം
    b) സാമൂഹികാർത്ഥം
    c) ലാക്ഷണികാർത്ഥം
53. ഒരു പദത്തിന്റെ സാമാന്യമായ അർഥത്തിൽ നിന്ന് സവിശേഷമായ അർഥത്തിലേക്കുള്ള വിപര്യയം?
    a) അർഥസങ്കോചം
    b) അർഥവികാസം
    c) അർത്ഥോൽകൃഷ്ടം
54. ഭാഷണസന്ദർഭത്തിലെ സാമാന്യവിഷയമാണ്?

a) ആഖ്യ
b) ആഖ്യാതം
c) ആഖ്യാതത്വം
d)

55. ആശയവിനിമയമെന്ന രീതിയിൽ ഭാഷ ഏറ്റവും കാര്യക്ഷമമാവുന്നത് ഏത് പ്രയോഗത്തിൽ ?
a) രൂപിമപ്രയോഗം
b) അർത്ഥപ്രയോഗം
c) വാക്യപ്രയോഗം

56. ഒരു ക്രിയ മാത്രമുള്ള ഘടനയാണ് ?
a) ലഘുവാക്യം
b) ലുപ്തവാക്യം
c) സരളവാക്യം

57. ഒന്നിലധികം -------ചേരുന്നതാണ് സങ്കരവാക്യം
a) അംഗിവാക്യങ്ങൾ
b) അംഗവാക്യങ്ങൾ
c) സംയുക്തവാക്യങ്ങൾ

58. ചോദ്യവാക്യത്തിന്റെ രണ്ട് മുഖ്യവിഭാഗങ്ങൾ ഏതെല്ലാം ?
a) പ്രയോജകം-നിയോജകം
b) പ്രത്യയാധിഷ്ഠിതം – പദാധിഷ്ഠിതം
c) അന്യോന്യം – സംസർഗം

59. മലയാളത്തിൽ പരിമിതസ്വനമായി കണക്കാക്കുന്നത്
a)എൻ
b)എഫ്
C)അൻ

60. ആന്തരികഘടനയ്ക്കും ബാഹ്യവ്യവസ്ഥയ്ക്കും തമ്മിലുള്ള ജന്യ-ജനക ബന്ധം വ്യക്തമാക്കുന്നത് ?
a) വിശദീകരണ പര്യാപ്തി
b) വിവരണ പര്യാപ്തി
c) നിരീക്ഷണ പര്യാപ്തി

61. ഇന്ന് ഭാഷാർത്ഥം വ്യാഖ്യാനിക്കുന്നത് കൂടുതലായും മനനവാദത്തെ അടിസ്ഥാനമാക്കിയാണ്. അതിൽ എത്രതരം മൗലികധാരണകളെ പറ്റി ചൂണ്ടികാണിക്കുന്നു ?
a) ആറ്
b) ഏഴ്
c) എട്ട്
d)

62. അർത്ഥബോധത്തിനു ആവിശ്യമില്ലാത്ത പ്രസ്താവനകളെ ________ എന്ന് പറയും ?
a) നിഷേധപൂർവധാരണ
b) പുനരുക്തി
c) വിരുദ്ധോക്തി

63. പ്രയോഗത്തിൽ മറ്റ് പദങ്ങളുമായി ചേരുന്നതിനുള്ള നിയന്ത്രണങ്ങളിൽ നിന്ന് ഉണ്ടാവുന്ന സവിശേഷാർഥമാണ് ?

a) രീതിനിഷ്ഠാർത്ഥം
b) സഹസംബന്ധാർത്ഥം
c) കോശാർത്ഥം

64. ഭാഷാഭേദങ്ങളുടെ അതിർത്തികൾ നിർണയിക്കാൻ സഹായിക്കുന്നത് ?
a) ഭാഷാഭേദഭൂപടങ്ങൾ
b) സമഭാഷാംശസീമാരേഖ
c) ആവേദകർ

65. ഭാഷാഭേദത്തിലെ എല്ലാ വ്യതിരിക്ത സ്വഭാവങ്ങളും ശേഖരിക്കാനുള്ള മുഖ്യോപാധിയാണ് ?
a) ഭാഷാഭേദപഠനം
b) അപഗ്രഥനം
c) ചോദ്യാവലി

66. ഭാഷാഭേദത്തിന്റെ തനിമകൾ ഏറ്റവുമധികം പ്രത്യക്ഷപെടുന്ന സ്ഥലം ?
a) സംക്രമണമേഖല
b) കേന്ദ്രമേഖല
c) വ്യാവർത്തകമേഖല

67. ഭാഷാപ്രയോഗങ്ങളിൽ വ്യത്യാസം ഉണ്ടാക്കുന്ന സാമൂഹികാവസ്ഥകള__________.എന്നു പറയുന്നു
a) സാമൂഹികചരങ്ങൾ
b) ഭാഷണചരങ്ങൾ
c) സാന്ദർഭിക ചരങ്ങൾ

68. സാമൂഹികമായ ഏകത്വബോധത്തെ പ്രതിഫലിപ്പിക്കുന്ന ഭാഷണ രീതി
a) സാമൂഹിക ഭാഷണം
b) സാന്ദർഭിക ഭാഷണം
c) സാമാജിക ഭാഷണം

69. മാനസ്വരവ്യവസ്ഥ അവതരിപ്പിച്ചത് ?
a) ജോൺ ഫെഡറിക്
b) ഡാനിയേൽ ജോൺസ്
c) ജെയിംസ് ഡേവിഡ്

70. വർത്സ്യസ്ഥാനത്ത് വരാത്ത അക്ഷരം ?
a) സ
b) ശ
c) ല

71. 'റ' കാരത്തിന്റെ ഉച്ചാരണ രീതി

a)കമ്പിതം

b)ഉൽക്ഷിപ്തം

c) പ്രതിവേഷ്ടിതം

72. 'വേർതിരിച്ച് കാണിക്കാൻ കഴിയുന്ന ഭാഷണ ശബ്ദാഭിലക്ഷണങ്ങളിലെ ഏറ്റവും ചെറിയ മാത്രയാണ് സ്വനിമം' എന്ന് നിർവചിച്ചത് ആര് ?

a) എഡ്വേർഡ് സ്പീർ
b) ഡാനിയേൽ ജോൺസ്
c) ലിയനാർഡ് ബ്ലൂം ഫീൽഡ്

73. മരം + കൾ - മരങ് + കൾ. ഇത് ?
a) പരസവർണനം
b) പൂർവസവർണനം
c) അന്യോന്യസവർണനം

74. അറബി ഭാഷ ഉൾക്കൊള്ളുന്ന ഭാഷാ ഗോത്രം ഏത് ?
a) സെമിറ്റിക്
b) ഇന്തോ-യൂറോപ്യൻ
c) ബാണ്ടു

75. തന്മൊഴി എന്നറിയപ്പെടുന്നത് ഏത് തരം ഭാഷയാണ് ?
a) ശിശുഭാഷ
b) വ്യക്തി ഭാഷ
c) മാനകഭാഷ

76. പദം , ഉച്ചാരണം , വ്യാകരണ രൂപം, അർത്ഥം എന്നിവയിൽ സമാനസ്വഭാവമുള്ളവയെ ബന്ധിപ്പിക്കുന്ന സാങ്കല്പിക രേഖകളെ വിളിക്കുന്നത് ഏത് പേരിലാണ്?
a) കേന്ദ്ര മേഖല
b) അവശിഷ്ട മേഖല
c) സമഭാഷാംശ സീമാരേഖ

77. സ്വതന്ത്ര രൂപിമത്തിന് ഉദാഹരണം ഏത്?
a) അൻ
b) ഇൽ
c) ഒരു

78. ഇന്ത്യയെ ഒരു ഭാഷാക്ഷേത്രമായി കരുതാമെന്ന് അഭിപ്രായപ്പെട്ടതാര്?
a) കാൽഡ്വൽ
b) ഗുണ്ടർട്ട്
c) എം ബി മനോ

79. മാനവിക ഭാഷകളെ സാങ്കേതികതയിലൂടെ നിർമ്മിക്കുന്ന ശാസ്ത്രശാഖയാണ് ....... .?
a) ഇൻറർനെറ്റ് ഭാഷാശാസ്ത്രം
b) ഫോറൻസിക് ഭാഷാശാസ്ത്രം
c) കമ്പ്യൂട്ടേഷണൽ ഭാഷാശാസ്ത്രം

80. ആശയങ്ങളെ സന്ദേശ ചിഹ്നങ്ങൾ ആക്കി മാറ്റുന്ന പ്രക്രിയക്ക് പറയുന്ന പേരെന്ത്?
a) വിസങ്കേതനം
b) സങ്കേതനം
c) സാങ്കേതികത്വം

81. സാങ്കേതികത്വം , സൃഷ്ടിന്മുഖത്വം, സംസ്കാര സംക്രമണം, ജന്മസിദ്ധം എന്നിവയിൽ മനുഷ്യ ഭാഷയുടെ പ്രത്യേകത അല്ലാത്തത് ഏത് ?
a) സാങ്കേതികത്വം
b) സംസ്കാര സംക്രമണം
c) ജന്മസിദ്ധം

82. ചുവടെ കൊടുത്തിരിക്കുന്നവയിൽ ദക്ഷിണ ദ്രാവിഡ ഭാഷ ഏത്?

a) മലയാളം
b) തെലുങ്ക്
c) സംസ്കൃതം

83. സംസ്കൃതം ഏത് കക്ഷ്യയിൽ പെട്ട ഭാഷയാണ് ?

a) സംശ്ലിഷ്ട കക്ഷ്യ
b) അപഗ്രഥിത കക്ഷ്യ
c) വൈകൃത കക്ഷ്യ

84. ഭാഷണ ചിഹ്നങ്ങളെ സൂചക/സൂചിത ബന്ധത്തിലൂടെ വിശദീകരിച്ച ഭാഷാശാസ്ത്രജ്ഞൻ ?

a) ബ്ലൂംഫീൽഡ്
b) ദെറിദ
c) നോം ചോംസ്കി

85. പൊതുവായ ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കുന്ന ഭാഷാപ്രയോഗങ്ങൾ ഏതുതരം ഭാഷ രീതിക്ക് ഉദാഹരണമാണ്?

a) വാമൊഴി
b) വരമൊഴി
c) മാനകഭാഷ

86. ഘർഷി ഏത്?

a) ഹ്
b) ച്
c) പ്

87. ഖരോഷ്ഠി എന്നാൽ എന്ത് ?

a) ഭാഷ
b) വാമൊഴി
c) ലിപി

88. ഉച്ചാരണത്തിലെ മൗലിക സ്വരങ്ങളെ കണ്ടെത്തി മാനസ്വര സമലംബകം രേഖാചിത്രമായി അവതരിപ്പിച്ചത് ആര്?

a) ഡാനിയേൽ ജോൺസൺ
b) ബി.ബ്ളോക്
c) സി.എഫ് ഹോക്കറ്റ്

89. കേരള മുഖ്യമന്ത്രി അടുത്ത വെള്ളിയാഴ്ച ദില്ലിക്ക് പോകുന്നുണ്ട് എന്നതിനെ കേരള,മുഖ്യമന്ത്രി,വെള്ളിയാഴ്ച,ദില്ലിക്ക്,പോകുന്ന്,ഉണ്ട് എന്നിങ്ങനെ വിഭജിച്ച് പഠിക്കുന്നത് ഏതു തരം വാക്യരചനാരീതിക്ക് ഉദാഹരണമാണ് ?

a) രചനാന്തരണ പ്രജനക വ്യാകരണം
b) ഘടനാത്മക സമീപനം

c) സങ്കീർണ വാക്യ രചനാരീതി

90. ശ,ഷ,സ എന്നിവ ഉച്ചാരണക്രിയ അനുസരിച്ച് ഏതു വിഭാഗത്തിൽ ഉൾപ്പെടുന്നു?

a) ശ്വാസികൾ

b) പ്രവാഹി

c) കമ്പിതം

91. ഭാഷാശാസ്ത്ര വിവേകം ആരുടെ ഗ്രന്ഥമാണ് ?

a) കെ. എം പ്രഭാകരവാര്യർ

b) സി.ജെ ജോർജ്ജ്

c) ജോസഫ് സ്കറിയ

92. അസത്യം,നിരപരാധി,സസ്നേഹം ഇവ ഏതു തരം പ്രത്യയങ്ങൾക്ക് ഉദാഹരണമാണ്?

a) മധ്യപ്രത്യയം

b) പൂരപ്രത്യയം

c) പരപ്രത്യയം

93. ഇംഗ്ലീഷ്, അറബി ഭാഷകൾ ഏത് കക്ഷ്യസ്വഭാവമുള്ളതാണ് ?

a) സംശ്ലിഷ്ടകക്ഷ്യ

b) വൈകൃത കക്ഷ്യ

c) സംഘടിത കക്ഷ്യ

94. രണ്ട് ഭാഷകളിലെ വ്യാകരണ വ്യവസ്ഥയിലെ സാദൃശ്യവൈസാദൃശ്യങ്ങൾ വ്യക്തമാക്കുന്ന പഠനരീതി ?

a) ബഹുകാലികം

b) താരതമ്യാത്മകം

c) വ്യതിരേകാത്മകം

95. ശിശുക്കളുടെ ഉച്ചാരണവയവങ്ങൾ വ്യവസ്ഥാപിത ചലനം പ്രകടമാക്കുന്ന ഘട്ടം ?

a) കുറുകൽ ഘട്ടം

b) ആശ്രിത ഘട്ടം

c) കൊഞ്ചൽ ഘട്ടം

96. വായിക്കാൻ കഴിഞ്ഞ ആദ്യത്തെ ഭാരതീയ ലിപി

a) ബ്രാഹ്മി ലിപി

b) ഖരോഷ്ഠി ലിപി

c) ഗിവ്റാൻ ലിപി

97. 'ഇ' എന്നാൽ ?

a) ഉച്ചവും അവർത്തുളിതവുമായ മുൻസ്വരം

b) മധ്യവും അവർത്തുളിതവുമായ മുൻസ്വരം

c) നിമ്നവും അവർത്തുളിതവുമായ മുൻസ്വരം

98. ശൈലീവിജ്ഞാനം ആരുടെ രചനയാണ് ?

a)കെ എം ജോർജ്ജ്

b)ജോൺ കുന്നപ്പള്ളി

c)ചാത്തനാത്ത് അച്യുതനുണ്ണി

99. അവയവാസ്പദം,ശ്രവണാസ്പദം,തരംഗാസ്പദം ഈ മൂന്നു രീതികൾ ഏതു വിജ്ഞാനശാഖയുടെ ഉൾപ്പിരിവുകളാണ് ?

a)സ്വനവിജ്ഞാനം

b)രൂപമ വിജ്ഞാനം

c) സ്വനിമ വിജ്ഞാനം

100. ഏതെങ്കിലും ഒരു കാലഘട്ടത്തിലെ ഭാഷയെ വസ്തുനിഷ്ഠമായി അപഗ്രഥിക്കുന്ന പഠന രീതിക്ക് പറയുന്ന പേരെന്ത്?

a) ഏകകാലികം
b) താരതമ്മ്യാത്മകം
c) വ്യതിരേകാത്മകം

101. താഴെ ചേർത്തിരിക്കുന്നവയിൽ താലവ്യമേത്?

a) ഖ
b) ത
c) ച

102. ആകുക-ആവുക ഏതു തരം പരിവർത്തനത്തിന് ഉദാഹരണമാണ്?

a) ആശ്രിത പരിവർത്തനം .
b) ബഹുമുഖ പരിവർത്തനം
c) സ്വതന്ത്ര പരിവർത്തനം